TRACT No : SH -1

# "താങ്കൾ ക്രിസ്ത്യാനിയോ?"

ലോകം മുഴുവൻ അറിയപ്പെടുന്ന ഒരു ശ്രേഷ്ഠനാമമാണ് **"ക്രിസ്ത്യാനി"**. **"ക്രിസ്തുവിനെ അനുഗമിക്കുന്നവൻ"** അഥവാ **"ക്രിസ്തുവിന്റെ ശിഷ്യൻ"** എന്നു ആ പേര് അർത്ഥമാക്കുന്നു. ഈ വസ്തുത എല്ലാവരിലും യഥാർത്ഥമല്ലെങ്കിലും ലോകംമുഴുവൻ **"ക്രിസ്ത്യാനി"** എന്ന പേരിനാൽ അറിയപ്പെടുന്നവർ ഇന്നു ഒരു ജാതിയായിത്തീർന്നിരിക്കുന്നു. ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതിനാൽ ക്രിസ്ത്യാനിയായിത്തീരുന്നു എന്നതാണ് ഇന്നത്തെ ലോകവ്യവസ്ഥ. വിശുദ്ധ ബൈബിളിൽ മൂന്നിടത്തുമാത്രം രേഖപ്പെടുത്തിയിരിക്കുന്ന പദമാണ് **"ക്രിസ്ത്യാനി"**.

ഒന്നാമതായി, **അപ്പൊ. പ്രവൃത്തി 11:26**-ൽ *"ആദ്യം അന്ത്യൊക്ക്യയിൽ വെച്ചു ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ ഉണ്ടായി."* അവരുടെ നല്ല സ്വഭാവം, പെരുമാറ്റം, സ്നേഹം, സൗമ്യത, ദയ എന്നിവ കണ്ടറിഞ്ഞ അന്നത്തെ ജനത ക്രിസ്തുവിന്റെ ശിഷ്യന്മാരെ വിളിച്ച പേരാണ് **"ക്രിസ്ത്യാനി"**. അവർ ക്രിസ്തു യേശുവിന്റെ യഥാർത്ഥ അനുയായികൾ ആയിരുന്നു.

രണ്ടാമതായി, **അപ്പൊ. പ്രവൃത്തി. 26:28**-ൽ കാണുന്നു. യേശുക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ചതു നിമിത്തം കൈസര്യയിൽ ചങ്ങലയാൽ ബന്ധിതനായി അന്നത്തെ നാടുവാഴിയായ അഗ്രിപ്പാരാജാവിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ട പൗലോസ്, യഹൂദന്മാരുടെ മതാചാരങ്ങളും യേശുവിനെപ്പറ്റിയുള്ള പ്രവചനഭാഗങ്ങളും നന്നായി അറിയാവുന്ന രാജാവിനോടു പ്രവാചകന്മാരെ വിശ്വസിക്കുന്നുവോ എന്നു ചോദിച്ചു. ചോദ്യത്തിനുത്തരം മുട്ടിയ അഗ്രിപ്പാരാജാവ് പറഞ്ഞ മറുപടി—*"ഞാൻ ക്രിസ്ത്യാനിയായിത്തീരുവാൻ നീ എന്നെ അല്പംകൊണ്ടു സമ്മതിപ്പിക്കുന്നു."* അതിനു പൗലോസ് പറഞ്ഞ ഉത്തരം: ചങ്ങലയും തടവും ഒഴികെ എല്ലാവരും എന്നെപ്പോലെ ആകേണം എന്നതായിരുന്നു. അതായത് ദേശാധിപതിയായ അഗ്രിപ്പാരാജാവു മാത്രമല്ല, മനുഷ്യവർഗ്ഗം മുഴുവനും "ക്രിസ്ത്യാനി" ആയിത്തീരുവാൻ ദൈവം ആഗ്രഹിക്കുന്നുവെന്നാണ്.

മൂന്നാമതായി, **1.പത്രൊസ് 4:16**-ൽ പത്രൊസ് അപ്പൊസ്തലൻ പറയുന്നു: *"ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടിവന്നാലോ ലജ്ജിക്കരുതു; ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടതു."* ഒരു ക്രിസ്ത്യാനിക്ക് ഈ ലോകത്തിൽ കഷ്ടവും ദുഃഖവും ഉണ്ട്. അവന്റെ പൗരത്വം സ്വർഗ്ഗത്തിൽ ആണ്. ഇവിടെ അന്യനും പരദേശിയുമാണ്. കഷ്ടത ക്രിസ്ത്യാനിക്കുള്ള വരമാണെന്ന് ദൈവവചനം പറയുന്നു. അതിനാൽ ലജ്ജിക്കാതെ ദൈവത്തെ മഹത്വപ്പെടുത്തുന്നവനാണ് ക്രിസ്ത്യാനി.

(1) ക്രിസ്തുശിഷ്യന്മാരുടെ നല്ല സ്വഭാവവും, സാക്ഷ്യ ജീവിതവും, അവർ അനുഭവിക്കുന്ന ദൈവകൃപയും കണ്ട് അന്ത്യൊക്ക്യക്കാർ വിളിച്ച പേർ—*'ക്രിസ്ത്യാനി'*. (2) അഗ്രിപ്പാരാജാവ് പുച്ഛസ്വരത്തിൽ പറഞ്ഞ പേർ— അതായതു ക്രിസ്തുവിനായി നിന്ദ സഹിക്കേണ്ട നാമം.—*'ക്രിസ്ത്യാനി'*. (3) കഷ്ടതയിലും ഈ നാമം ധരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നവൻ—*'ക്രിസ്ത്യാനി'*. എന്നാൽ ഇന്ന് ക്രിസ്തുവിനെ വ്യക്തിപരമായി സ്വീകരിക്കാത്തവരും, ശിഷ്യന്മാരായി ജീവിക്കാത്തവരും ക്രിസ്ത്യാനി എന്ന പേരിനാൽ അറിയപ്പെടുന്നു. പ്രിയ മിത്രമേ, **താങ്കൾ ഒരു ക്രിസ്ത്യാനിയോ?** താങ്കൾ ക്രിസ്തീയ കുടുംബത്തിൽ ജനിച്ചിരിക്കാം, ക്രമമായി പള്ളിയിൽ പോകുന്നുണ്ടായിരിക്കാം, സഭാരജിസ്റ്ററിൽ പേരുണ്ടായിരിക്കാം, എന്നാൽ വ്യക്തിപരമായി യേശുക്രിസ്തുവിനെ സ്വന്ത രക്ഷിതാവും കർത്താവും ആയി സ്വീകരിച്ചിട്ടില്ലെങ്കിൽ തിരുവചനപ്രകാരം താങ്കൾ ക്രിസ്തുവിന്റെ അനുയായിയോ, ശിഷ്യനോ, ക്രിസ്ത്യാനിയോ അല്ല. മരണശേഷം താങ്കൾക്ക് ലഭിക്കുന്നത്, നിത്യനരകാഗ്നിതന്നെയായിരിക്കും എന്നതിന് സംശയമില്ല. തിരുവചനം പറയുന്നത്—*"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു."* **കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച്, പാപമോചനം പ്രാപിച്ച്, പുതുജനനത്തിലൂടെ ക്രിസ്തുവിൽ പുതുസൃഷ്ടിയായിത്തീർന്നു, ദൈവീകസ്വഭാവത്തിന് അനുരൂപപ്പെട്ടു ജീവിക്കുന്നവനാണ് 'ക്രിസ്ത്യാനി'.** യേശുക്രിസ്തുവുമായി വ്യക്തിപരമായ ബന്ധമില്ലാതെ പേരുമാത്രമുള്ള ക്രിസ്ത്യാനിയായി ജീവിച്ച്, മതത്തിന്റെ മേൽവിലാസത്തിൽ എന്തെല്ലാം അത്ഭുതങ്ങളും, വീര്യപ്രവർത്തികളും, സൽപ്രവൃത്തികളും ചെയ്താലും എത്രതന്നെ പ്രാർത്ഥിച്ചാലും അതു വെള്ളത്തിൽ വരച്ചരേഖകൾക്കു തുല്യമായിരിക്കും. അങ്ങനെയുള്ളവർ മരണാനന്തരം സ്വർഗ്ഗം ആഗ്രഹിച്ചു ദൈവസന്നിധിയിൽ ചെന്നെത്തുമ്പോൾ ദൈവം പറയും: *"ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെവിട്ടുപോകുവിൻ"* (മത്തായി. 7:23) അന്ന് "കർത്താവേ, കർത്താവേ, എന്നോടു കരുണ തോന്നേണമേ" എന്നു വിളിച്ചു എത്ര കരഞ്ഞാലും പ്രയോജനമുണ്ടാകയില്ല.

എന്നാൽ താങ്കൾക്കും ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി സ്വർഗ്ഗീയസൗഭാഗ്യങ്ങൾ അനുഭവിക്കുവാൻ കഴിയും. ഇതിനായി ഒരു മതത്തിലോ, സഭയിലോ, സംഘടനയിലോ ചേരേണ്ടാ. **മതം മാറ്റമല്ല, മനംമാറ്റം അഥവാ മാനസാന്തരം ആണ് ആവശ്യം.** ഈ ജീവനുള്ള ദൈവത്തിന്റെ മകനും ശിഷ്യനുമായി ജീവിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ താഴെ പറയുന്ന അപേക്ഷ വിശ്വാസത്തോടെ പ്രാർത്ഥിച്ചാലും — *"എന്റെ യേശുകർത്താവേ, ഞാൻ ഒരു പാപിയാണ്. എന്റെ പാപങ്ങൾ ക്ഷമിക്കേണമേ. എന്റെ പാപപരിഹാരത്തിനായി അങ്ങ് കാൽവറി ക്രൂശിൽ മരിച്ചു, അടക്കപ്പെട്ടു, മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നു എന്നു ഞാൻ ഹൃദയം കൊണ്ടു വിശ്വസിക്കുന്നു; അങ്ങയെ എന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നു. തുടർന്നു അങ്ങയുടെ പാതയിലൂടെ മാത്രം നടന്ന് ക്രിസ്തുവിന്റെ ശിഷ്യനായി ജീവിക്കുവാൻ ഞാൻ തീരുമാനിക്കുന്നു."*

ഈ പ്രാർത്ഥന വിശ്വാസത്തോടെ പ്രാർത്ഥിച്ചുവെങ്കിൽ, താങ്കൾ ക്രിസ്തുവിന്റെ ശിഷ്യനും, ക്രിസ്ത്യാനിയും, ദൈവമകനും ആയിരിക്കുന്നു. ക്രിസ്തീയ ജീവിതത്തിൽ കഷ്ടങ്ങൾ, ദുഃഖങ്ങൾ എന്നിവയുണ്ടായാലും എല്ലാനാളും നിങ്ങളോടു കൂടെയുണ്ടെന്നു വാഗ്ദത്തം നൽകിയ യേശുക്രിസ്തു എന്ന നല്ല രക്ഷകൻ കൂട്ടിനായി ഉണ്ടായിരിക്കും.

*യേശുക്രിസ്തുവിൽ കൂടിയുള്ള രക്ഷയെക്കുറിച്ച് കൂടുതൽ അറിയുവാനും സുവിശേഷപുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ബൈബിൾ (പുതിയനിയമം) എന്നിവ സൗജന്യമായി ലഭിക്കുന്നതിനും, താങ്കൾക്കായി പ്രാർത്ഥിക്കുന്നതിനും ദയവായി താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെട്ടാലും.*

Samson Henry
Zion, Aradhana Nagar - 22
Behind Sanker's Hospital,
Kollam - 691 001
*(സാംസൺ ഹെൻറി, സീയോൻ, ആരാധന നഗർ -22, കൊല്ലം - 691 001)*
Phone: 0474-2741115, E-mail: biblegoodnews@gmail.com
Web: biblegoodnews.com